(ബി&സി) നിലവിലുള്ള സ്മാരകങ്ങളേയോ മറ്റ് സ്മാരകങ്ങളേയോ മലയാളം സർവ്വകലാശാലയുടെ പഠന കേന്ദ്രമായി അംഗീകരിക്കാനുള്ള നിർദ്ദേശങ്ങൾ പരിഗണിക്കാൻ നിലവിലുള്ള നിയമമനുസരിച്ച് കഴിയുകയില്ല.

ആറന്മുള ശില്പകലാഗ്രാമം പദ്ധതി

70 (1438) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ ആറന്മുള ശില്പ കലാഗ്രാമം പദ്ധതി ആരംഭിക്കുന്നതിന് സാംസ്കാരിക വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) ആറന്മുള ശില്പ കലാഗ്രാമപദ്ധതിയുടെ പ്രവൃത്തികളടങ്ങിയ ഫയൽ നമ്പർ അറിയിക്കാമോ ; അടിയന്തരമായി ഈ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ആറന്മുള ശില്പകലാഗ്രാമം പദ്ധതി അംഗീകരിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടില്ല.

തലശ്ശേരി കോട്ടയ്ക്ക് സമീപം കണ്ടെത്തിയ നൂറ്റാണ്ടുകൾ പഴക്കമുള്ള പീരങ്കി

71 (1439) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി കോട്ടയ്ക്ക് സമീപം കണ്ടെത്തിയ നൂറ്റാണ്ടുകൾ പഴക്കമുള്ള പീരങ്കി പൈതൃക സ്വത്തായി പുരാവസ്തു വകുപ്പിനെ ഏറ്റെടുത്ത് സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തലശ്ശേരി കോട്ടയിൽനിന്ന് കണ്ടെടുത്ത പീരങ്കികളുടെ രാസസംരക്ഷണ പ്രവർത്തനങ്ങൾക്കായി പോർട്ട് കൺസർവേറ്ററിൽനിന്നും 3 ലക്ഷം രൂപ പുരാവസ്തു വകുപ്പിന് ലഭിച്ചിട്ടുണ്ട്. ഭാരമേറിയ പ്രസ്തുത പീരങ്കികൾ ഉയർത്തി വശങ്ങൾ ചലിപ്പിച്ച് സംരക്ഷണപ്പണികൾ ചെയ്യുന്നതിനായി സൗകര്യപ്രദവും സ്വതന്ത്രവുമായ സ്ഥല സൗകര്യം ആവശ്യമുള്ളതിനാൽ സൗകര്യപ്രദമായ സ്ഥലം ലഭ്യമാക്കി സംരക്ഷണപ്പണികൾ ആരംഭിക്കുന്നതാണ്.

കൃഷ്ണപുരം ശങ്കർ സ്മാരക ദേശീയ കാർട്ടൺ മ്യൂസിയം

72 (1440) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൃഷ്ണപുരം ശങ്കർ സ്മാരക ദേശീയ കാർട്ടൺ മ്യൂസിയത്തിൽ താൽക്കാലികമായി ജോലി ചെയ്യുന്ന സ്വീപ്പർമാർ അടക്കമുള്ള ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

കൃഷ്ണപുരം ശങ്കർ സ്മാരക ദേശീയ കാർട്ടൺ മ്യൂസിയത്തിൽ സ്വീപ്പർമാർ അടക്കമുള്ള ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. ആയതിനാൽ മ്യൂസിയത്തിലേക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നമുറയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

മാവേലിക്കര മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികൾ

73 (1441) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) മാവേലിക്കര ബുദ്ധ ജംഗ്ഷനിലെ ബുദ്ധസ്തൂപവും പ്രദേശവും സംരക്ഷിക്കുന്നതിനായി മാവേലിക്കര ബുദ്ധ ജംഗ്ഷൻ മുതൽ ആറാട്ടുകടവുവരെ വഴിവിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള തുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly